**അടിയന്തരപ്രമേയം**

<u>മി. സ്പീക്കർ:</u> റൂൾ 50 പ്രകാരം ഒരു നോട്ടീസ് ലഭിച്ചിട്ടുണ്ട്. സർവ്വശ്രീ പാറക്കൽ അബ്ദുള്ള, കെ. സി. ജോസഫ്, മോൻസ് ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങളാണ് നോട്ടീസ് നൽകിയിട്ടുള്ളത്. ചെയർ അനുവദിക്കുകയാണ്. പക്ഷെ, അനുബന്ധമായി ഒരു കാര്യം ഓർമ്മപ്പെടുത്തുന്നു. ചട്ടം 52(4) പ്രകാരം ഒരേ സമ്മേളനത്തിൽ ചർച്ച ചെയ്ത സംഗതിയെപ്പറ്റിയുള്ള ചർച്ച വീണ്ടും കൊണ്ടുവരുന്നത് പുനരാരംഭിക്കാൻ പാടില്ലെന്നതാണ്. ചട്ടം 52(2) പ്രകാരം ഒന്നിലധികം സംഗതികൾ ഒരു അടിയന്തരപ്രമേയത്തിൽ കൊണ്ടുവരുന്നതും ശരിയല്ല എന്നുള്ളതും ചട്ടം പറയുന്നു. ഇത് രണ്ടും ഓർമ്മയിൽ വച്ചുകൊണ്ട് അവതരിപ്പിക്കാവുന്നതാണ്.

15.07.2016 വെള്ളിയാഴ്ച രാത്രി 8 മണിക്ക് കുറ്റ്യാടി നിയോജക മണ്ഡലത്തിലെ വേളം പഞ്ചായത്തിൽപ്പെട്ട പുത്തലത്ത് അനന്തോത്ത് മുക്കിൽ മുസ്ലീം യൂത്ത് ലീഗ് പ്രവർത്തകൻ ഒരു സംഘം അക്രമികളുടെ കുത്തേറ്റ് ദാരുണമായി മരണപ്പെടുകയും തുടർന്നുണ്ടായ അക്രമസംഭവങ്ങൾ നിയന്ത്രിക്കാൻ പോലീസിന് കഴിയാത്തതുമൂലം ആ പ്രദേശത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ പാറക്കൽ അബ്ദുള്ള, കെ. സി. ജോസഫ്,

മോൻസ് ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

## നസീറുദ്ദീന്റെ കൊലപാതകം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കഴിഞ്ഞ 15-ാം തീയതി രാത്രി 8 മണിയോടുകൂടിയാണ് കുറ്റ്യാടി പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള വേളം പുത്തലത്ത് അനന്തോത്ത് താഴെ എന്ന സ്ഥലത്ത് ശ്രീ. മൊയ്തു എന്നയാളുടെ കടയ്ക്ക് മുന്നിൽ റോഡിൽ വച്ച് മോട്ടോർ സൈക്കിളിൽ വരികയായിരുന്ന ഐ.യു.എം.എൽ. പ്രവർത്തകരായ നസീറുദ്ദീൻ, അബ്ദുൾ റൗഫ് എന്നിവരെ മറ്റൊരു ബൈക്കിൽ വന്ന എസ്.ഡി.പി.ഐ. പ്രവർത്തകരായ കപ്പച്ചേരി ബഷീർ, കൊള്ളിയിൽ അന്ത്രു എന്നിവർ ചേർന്ന് തടഞ്ഞുനിർത്തുകയും കപ്പച്ചേരി ബഷീർ നസീറുദ്ദീനെ കുത്തിപ്പരിക്കേൽപ്പിക്കുകയും ചെയ്തു. ഗുരുതരമായി പരിക്കേറ്റ നസീറുദ്ദീനെ പേരാമ്പ്ര ഇ.എം.എസ്. ആശുപത്രിയിലും തുടർന്ന് കോഴിക്കോട് MIMS ആശുപത്രിയിലും എത്തിച്ചു. MIMS ആശുപത്രിയിലെ ഡോക്ടർ പരിശോധിച്ച സമയം നസീറുദ്ദീൻ മരണപ്പെട്ടതായി സ്ഥിരീകരിച്ചു. ഇക്കാര്യത്തിൽ കുറ്റ്യാടി പോലീസ് IPC 302, 34 എന്നീ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. സംഭവത്തിലെ രണ്ട് പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. രാഷ്ട്രീയ വിരോധമാണ്

കാരണം. ഇതിൽ പറയുന്നത് 2015-ൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് വേളത്ത് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ഒരു യോഗം ചേർന്നിരുന്നു. ആ യോഗത്തിലുണ്ടായ എന്തോ തർക്കം നേരത്തെ പ്രസ്താവിച്ച ശ്രീ. കപ്പച്ചേരി ബഷീർ തന്റെ മൊബൈൽ ഫോണിൽ പകർത്തിയിരുന്നു. ഈ ഫോൺ ഇപ്പോൾ കൊല്ലപ്പെട്ട നസീറുദ്ദീൻ എറിഞ്ഞുതകർത്ത ഒരു സംഭവം ഉണ്ടായിരുന്നു. അതിൽ കുറ്റ്യാടി പോലീസ് സ്റ്റേഷനിൽ നസീറുദ്ദീന് എതിരെ ഒരു കേസ് ഉണ്ടായിരുന്നു. ആ കേസിൽ നസീറുദ്ദീൻ കോടതിയിൽ ഹാജരായിരുന്നില്ല. അതുകൊണ്ട് വാറണ്ടായി. ഈ 15-ാം തീയതിയാണ് നസീറുദ്ദീനെ പോലീസ് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുന്നത്. കോടതി ജാമ്യം നൽകി വിട്ടയയ്ക്കുകയും ചെയ്തു. അന്ന് വൈകുന്നേരം 8 മണിക്കാണ് ഈ അക്രമസംഭവം ഉണ്ടാകുന്നത്. ഈ കൊലപാതകത്തെ തുടർന്ന് 16-ാം തീയതി രാത്രി 12.45-ന് കേസിലെ രണ്ടാംപ്രതിയായ കൊള്ളിയിൽ അന്ത്രുവിന്റെ വീട്ടിലെ പോർച്ചിൽ ഇട്ടിരുന്ന കാറും ഓട്ടോറിക്ഷയും ഭാഗികമായും മോട്ടോർ സൈക്കിൾ പൂർണ്ണമായും തീവച്ച് നശിപ്പിച്ച ഒരു സംഭവം ഉണ്ടായിട്ടുണ്ട്. പക്ഷെ ഇതിൽ ആരും പോലീസിൽ പരാതിപ്പെട്ടിട്ടില്ല. അതോടൊപ്പംതന്നെ മറ്റൊരു സംഭവവും അവിടെയുണ്ടായി. എസ്.ഡി.പി.ഐ. പ്രവർത്തകനായ അബ്ദുൾ സലാമിന്റെ കടയും വലക്കെട്ടങ്ങാടിക്ക് സമീപം റോഡിൽ

പാർക്ക് ചെയ്തിരുന്ന എസ്.ഡി.പി.ഐ. പ്രവർത്തകൻ മുഹമ്മദ് മുഹസിന്റെ മോട്ടോർ സൈക്കിളും തീവച്ചു നശിപ്പിച്ച സംഭവവും ഉണ്ടായിട്ടുണ്ട്. ഇതിൽ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എ.ഡി.ജി.പി. നോർത്ത് സോൺ, കോഴിക്കോട് റൂറൽ ജില്ലാ പോലീസ് സൂപ്രണ്ട് തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥർ സന്ദർശിച്ചിട്ടുണ്ട്. സ്ഥലത്ത് പോലീസ് പിക്കറ്റിംഗ്, മൊബൈൽ സ്ട്രൈക്കർ എന്നിവ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ സ്ഥിതിഗതികൾ ശാന്തമാണ്. ഇത്തരം സംഭവങ്ങൾ നിയന്ത്രിക്കുന്നതിന് സർക്കാർ എല്ലാ തരത്തിലുള്ള കർശന നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ജാഗ്രതാ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഇതിനകം നൽകിയിട്ടുമുണ്ട്. ഇതൊക്കെക്കൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായിട്ടില്ല.

## നസീറുദ്ദീന്റെ കൊലപാതകം

ശ്രീ. പാറക്കൽ അബ്ദുള്ള: സർ, എന്റെ നിയോജകമണ്ഡലത്തിലെ വേളം പഞ്ചായത്തിൽപ്പെട്ട പുത്തലത്ത് അനന്തോത്ത് മുക്കിൽ നസീറുദ്ദീൻ എന്ന 22 വയസ്സുള്ള യൂത്ത് ലീഗ് പ്രവർത്തകൻ കഴിഞ്ഞ വെള്ളിയാഴ്ച രാത്രി 8 മണിയോടെ എസ്.ഡി.പി.ഐ. പ്രവർത്തകരുടെ കുത്തേറ്റ് അതിദാരുണമായി മരണപ്പെട്ടിരിക്കുകയാണ്. ഈ വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ഈ

സഭയുടെയും ശ്രദ്ധയിൽകൊണ്ടുവരുന്നതിനാണ് ഞാൻ ഈ അടിയന്തരപ്രമേയം അവതരിപ്പിക്കുന്നത്. പള്ളിയിൽനിന്നും പ്രാർത്ഥന കഴിഞ്ഞിറങ്ങി ബൈക്കിൽ തൊട്ടടുത്തുള്ള കടയിലേയ്ക്ക് പോകുകയായിരുന്ന നസീറുദ്ദീനെയും അബ്ദുൾ റൗഫിനെയും....... അവർ ഒരുമിച്ചാണ് കടയിലേയ്ക്ക് പോകുന്നത്. ഇവരുടെ വീടും പള്ളിയും അടുത്തടുത്താണ്. ഏകദേശം 150 മീറ്റർ അകലെവച്ചാണ് ഈ അക്രമിസംഘം മറ്റൊരു ബൈക്കിൽ പിന്നാലെയെത്തി ഇവരെ തടഞ്ഞുനിർത്തുകയും ചെറിയ കശപിശയും സംസാരവും ഉണ്ടാവുകയും നസീറുദ്ദീനെ താഴെയിറക്കി ഒരു കാരണവുമില്ലാതെ വയറ്റിൽ കത്തി കുത്തിക്കയറ്റുകയാണ് ചെയ്തത്. ഇതൊക്കെ നസീറുദ്ദീന്റെ വാപ്പയുടെ ജ്യേഷ്ഠന്റെ മകനായ അബ്ദുൾ റൗഫ് കാണുകയാണ്. വളരെ വലിയ വാക്കേറ്റമോ ബഹളമോ ഉണ്ടായിട്ടില്ല. ഇപ്പോൾ സൂര്യൻ അസ്തമിക്കാൻ ഏഴ് മണിയോടടുക്കും. അതിന് അര മണിക്കൂറിന് ശേഷമാണ് ഈ സംഭവം ഉണ്ടായത്. മുഖംമൂടി ധരിക്കാതെ ആളുകൾ കാൺകെ, വളരെ പരസ്യമായാണ് ഇത് ചെയ്യുന്നത്. കത്തി കുത്തിക്കയറ്റിയതിനെ തുടർന്ന് രക്തം വാർന്നൊഴുകുകയാണ്. ഇത്രയും ഭീകരമായ രൂപത്തിൽ ആക്രമിക്കപ്പെട്ടുവെന്ന് മനസ്സിലാകുന്നത് അപ്പോഴാണ്. അപ്പോൾ തൊട്ടടുത്തുള്ള ബാലനും സജിലേഷും ഓടി വരികയും ചെയ്തു. എസ്.ഡി.പി.ഐ. അല്ല ആക്രമിച്ചതെന്നും ഇതൊരു വർഗ്ഗീയ ചേരിതിരിവ്

ഉണ്ടാക്കുവാനുമുള്ള കൃത്യമായ ഉദ്ദേശ്യം ഇവർക്കുണ്ടായിരുന്നു. ബാലനും സജിലേഷും അവരുടെ ഉടുമുണ്ട് അഴിച്ച് നസീറുദ്ദീന്റെ വയറിൽ കെട്ടുകയും ഞങ്ങളല്ല ഇത് ചെയ്തതെന്നും അബ്ദുറഹിമാനും ബഷീറും അടങ്ങുന്ന എസ്.ഡി.പി.ഐ.-ക്കാരാണ് ഇത് ചെയ്തതെന്നും പിന്നീട് വന്നവരോട് ആർത്തുവിളിച്ച് പറയുകയായിരുന്നു. അവിടെ എന്താണ് നടന്നതെന്ന് അന്വേഷിച്ച് അയൽപക്കത്തുള്ള സ്ത്രീകളടക്കമുള്ളവർ വരുമ്പോൾ അവിടെ വണ്ടി ആക്സിഡന്റായതാണെന്നാണ്, രണ്ട് ബൈക്കുകൾ തമ്മിൽ കൂട്ടിയിടിച്ചതാണെന്നാണ് എസ്.ഡി.പി.ഐ.-ക്കാർ പറഞ്ഞത്. ഒരു അപകടത്തിലൂടെയാണ് മരണം നടന്നതെന്ന് വരുത്തിത്തീർക്കാനുള്ള ഒരു ശ്രമമാണ് ഇതിലൂടെ ആസൂത്രണം ചെയ്തത്. ഇവർ അവിടെ വന്ന് കൃത്യം നടത്തി തിരിച്ചുപോകുകയാണ്. വന്ന ബൈക്കിൽ തിരിച്ചുപോകുകയും ഏകദേശം ഒരു കിലോമീറ്റർ അകലെവച്ച് മറ്റൊരു വണ്ടിയിൽ രക്ഷപെടുകയും ചെയ്തു. ഈ കൊലപാതകം നടത്തിയത് വളരെ ആസൂത്രിതമായാണ്. ഇതിന്റെ പിന്നിൽ വളരെ കൃത്യമായ ചില അജണ്ടകളുണ്ട്. ഇത് ഒറ്റപ്പെട്ട സംഭവമല്ല. വടകര താലൂക്കിൽ നിരന്തരമായി എസ്.ഡി.പി.ഐ. പ്രവർത്തകർ വളരെ കൃത്യമായി ഇത്തരം കാര്യങ്ങൾ ചെയ്തുപോരുന്നു. നിരവധി തവണയായി ഇത്തരം അക്രമസംഭവങ്ങൾ അരങ്ങേറുകയാണ്. ഞങ്ങളുടെ പാർട്ടിയുടെ യൂത്ത് ലീഗ് നേതാവിനെ വർഷങ്ങൾക്ക്

മുമ്പ് തലയ്ക്കടിച്ച് മാരകമായി പരിക്കേൽപ്പിച്ചു. ശ്രീ. പി. പി. ജാഫർ എന്ന പ്രവർത്തകന്റെ പല്ല് അടിച്ചുകൊഴിച്ചു. അഞ്ച് പല്ല് റോഡിൽനിന്നും പെറുക്കിയെടുക്കേണ്ടിവന്നു. ഏകദേശം രണ്ട് മാസക്കാലം മണിപ്പാൽ ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിയേണ്ടിയും വന്നു. അതുകൂടാതെ അഴിയൂർ പഞ്ചായത്തിൽ പൂഴിത്തലയിലെ സി. പി. ഫിറോസ് എന്ന മുസ്ലീംലീഗ് പ്രവർത്തകനെ തലശ്ശേരി മാക്കൂട്ടം റെയിൽവേ ട്രാക്കിൽവച്ച് കൊലപ്പെടുത്തിയതിനുശേഷം ട്രെയിൻ കയറിയതാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമം നടന്നു. ആ കേസ് ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെ, അറുപത് വയസ്സിനുമേലുള്ള നെല്ലോളി കാസിം ഹാജി എന്ന മനുഷ്യനെ ഇവർ അടിച്ച് കാലുപൊട്ടിച്ചു. അദ്ദേഹമിപ്പോൾ വികലാംഗനായി ജീവിക്കുകയാണ്. ഇങ്ങനെ നിരവധി സംഭവങ്ങൾ വടകര താലൂക്കിന്റെ പല ഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്നു. SDPI എന്ന തീവ്രവാദ സംഘടന രാജ്യത്ത് അപകടകരമായ ഒരവസ്ഥയുണ്ടാക്കുകയാണ്. മതങ്ങൾക്കിടയിൽ പരസ്പരം ഡൈവേർഷനുകളുണ്ടാക്കി പരസ്പരം തമ്മിൽ കലഹിക്കാനും തല്ലുകൂടാനുമുള്ള ശ്രമം നടത്തുകയാണ്. മുസ്ലീം ലീഗിനെ ക്ഷീണിപ്പിക്കാൻവേണ്ടി അറിഞ്ഞോ അറിയാതെയോ ചില രാഷ്ട്രീയ പാർട്ടികൾ ഇവർക്ക് പല ഘട്ടങ്ങളിലും സപ്പോർട്ട് ചെയ്യുന്നൊരു സാഹചര്യം.....

വടകര താലൂക്കിലെ പോലീസ് വളരെ മോശമാണ്. ഇവർ ഈ കൃത്യമൊക്കെ ചെയ്തപ്പോൾ, ഞാൻ നേരത്തെ സൂചിപ്പിച്ച ജാഫറിനെ തല്ലിയപ്പോൾ, അദ്ദേഹത്തിന്റെ അഞ്ച് പല്ല് പോയപ്പോൾ, തലയ്ക്ക് എട്ടോളം സ്റ്റിച്ചുണ്ടായപ്പോൾ ഈ കേസിൽ മുസ്ലീംലീഗിന്റെ പ്രവർത്തകർ ശിക്ഷിക്കപ്പെടുകയും എസ്.ഡി.പി.ഐ.ക്കാരൻ രക്ഷപ്പെടുകയും ചെയ്യുന്ന സാഹചര്യമാണുണ്ടായത്. പോലീസിനെ ഇവർ പണം നൽകി സ്വാധീനിക്കുന്നു. എല്ലാ പോലീസുകാരെയും ഞാൻ പറയുന്നില്ല. വടകര താലൂക്കിലെ  പോലീസുകാരിൽ കള്ള നാണയങ്ങളുണ്ട് എന്നുള്ളതാണ് ഖേദകരമായ വസ്തുത. ഇത്തരം കേസുകളൊക്കെയുണ്ടായാൽ വളരെ കൃത്യമായി, ഇവർ കോടതിയിൽനിന്ന് രക്ഷപ്പെടുന്ന രീതിയിൽ എഫ്.ഐ.ആർ. ഇടുകയാണ്. ഇത് പോലീസുമായി ഒത്തുചേർന്നുള്ള കള്ളക്കളിയാണ്. ഞാൻ രാഷ്ട്രീയം പറയുന്നതല്ല. വളരെ ഗുരുതരവും ഭീകരവുമായ അവസ്ഥാവിശേഷം ഇതുമായി ബന്ധപ്പെട്ട് കാലങ്ങളായി നാട്ടിൽ നിലനിൽക്കുകയാണ്. ഇത്തരം ഭീകരവാദ പ്രവർത്തനം നടത്തുന്ന ആളുകളും പോലീസും തമ്മിൽ എന്തോ ഒരു അവിഹിത ബന്ധമുണ്ട് എന്നുള്ളത് വളരെ കൃത്യമാണ്. കുറ്റ്യാടിയിൽ മിനിഞ്ഞാന്ന് വെള്ളിയാഴ്ചയും അക്രമം നടന്നു. പ്രതികളെ പോലീസ് പിടിച്ചതല്ല. പോലീസ് പിടിച്ചു എന്നു പറയുന്നതിൽ യാതൊരു കഴമ്പുമില്ല. ഏതാണ്ട് ഏഴ്-ഏഴര മണി സമയം.

എല്ലാവർക്കുമറിയും പ്രതികൾ ആരാണെന്ന്. പ്രതികളെക്കുറിച്ച് വളരെ കൃത്യമായി... മുഖംമൂടി ധരിച്ചല്ല അവർ വന്നത്. അവർ വന്ന് കൃത്യം നടത്തിപ്പോയപ്പോൾ, പ്രതികൾ ബഷീറും അബ്ദുറഹിമാനുമാണെന്ന് നാട്ടുകാർക്ക് അറിയാം. പോലീസും എസ്.ഡി.പി.ഐ. പ്രവർത്തകരും തമ്മിലുള്ള അഡ്ജസ്റ്റ്മെന്റിന്റെ ഭാഗമായി ഇവർ കീഴടങ്ങുകയാണ് ചെയ്തത്. അതാണ് അവിടെയുണ്ടായ സംഭവം. അതുകൂടാതെ ജനാധിപത്യ രൂപത്തിൽ സ്വാഭാവികമായൊരു പ്രതിഷേധം നടത്തിയതിന് ഞങ്ങളുടെ പ്രവർത്തകരെ പിടിച്ചുകൊണ്ടുപോയി. ബഷീറിന്റെ വീടിനെതിരെ ചെറിയൊരു കല്ലേറു നടന്നു. ഞാനതിനെ ന്യായീകരിക്കുന്നില്ല. അതിന് ഞങ്ങളുടെ നാലോളം പ്രവർത്തകരെ പിടിച്ചുകൊണ്ടുപോയി. സ്റ്റേഷനിൽ കൊണ്ടുപോയപ്പോൾ ഞങ്ങൾ കാണുന്ന കാഴ്ചയെന്തെന്ന് ചോദിച്ചാൽ എസ്.ഡി.പി.ഐ.യുടെ ഈ ക്രിമിനലുകളെ, കൊലപാതകം നടത്തിയ ബഷീറിനും അബ്ദുറഹിമാനും കുറ്റ്യാടി പോലീസ് സ്റ്റേഷനിൽ ബിരിയാണിവച്ച് സൽക്കരിക്കുന്ന കാഴ്ചയാണ് ഞങ്ങൾ കണ്ടത്. ഇത് ഞാൻ വെറുതെ പറയുന്നതല്ല. അവിടെയുള്ള ഇടതുപക്ഷ പ്രവർത്തകരോട് ചോദിച്ചാലും ഈ സംഭവമറിയാം. ഇന്നലെ ഞങ്ങൾ സമാധാന കമ്മിറ്റി യോഗത്തിൽ ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. മാത്രമല്ല ഈ എസ്.ഡി.പി.ഐ. പ്രവർത്തകരുടെ മുന്നിൽവച്ച്, കല്ലെറിഞ്ഞു എന്നുപറഞ്ഞ് പിടിച്ചുകൊണ്ടുപോയ

ഞങ്ങളുടെ നാല് പ്രവർത്തകരെ പോലീസ് ക്രൂരമായി മർദ്ദിക്കുന്ന സാഹചര്യമുണ്ടായി. പോലീസും എസ്.ഡി.പി.ഐ.യും തമ്മിലുള്ള അവിഹിത ബന്ധം കൃത്യമായി അന്വേഷിക്കണമെന്നാണ് ഞങ്ങൾ പറയുന്നത്. അതുകൊണ്ട് ഈ കേസ് ഈ പോലീസന്വേഷിച്ചാൽ ഒരു കാരണവശാലും തുമ്പും കിട്ടുകയില്ല. കൊല ചെയ്ത ആളുകളല്ല, ഈ കൊലയ്ക്ക് പിന്നിൽ പ്രവർത്തിച്ച തലച്ചോറുണ്ട്. അതിനെയാണ് കണ്ടെത്തേണ്ടത്. ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ വച്ചുകൊണ്ട് ഈ കേസ് അന്വേഷിപ്പിക്കണം എന്നാണ് ഞങ്ങൾക്ക് പറയുവാനുള്ളത്. വളരെ ഗൗരവമേറിയ പ്രശ്നമാണിത്. അതുകൊണ്ട് സഭ നിർത്തിവച്ച് ഇക്കാര്യം ചർച്ച ചെയ്യണം.

ഞാൻ ഒരുകാര്യം സൂചിപ്പിക്കട്ടെ, ഐ.എസ്.നുവേണ്ടി നാടുമുഴുവൻ ഓടുമ്പോൾ ഐ.എസ്.ലേയ്ക്ക് റിക്രൂട്ട് ചെയ്യുന്ന, തീവ്രവാദ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന എസ്.ഡി.പി.ഐ. പ്രവർത്തകരെ പോലീസ് തൊടാൻ പോലും മടിക്കുന്നു. ഇന്നുവരെ പോലീസ് ഇവരെ പിടിക്കാനോ ഇവർക്കെതിരെ അന്വേഷണം നടത്താനോ തയ്യാറാകാത്ത സാഹചര്യം കേരളത്തിലുണ്ട്. ഈ ഒരവസ്ഥാവിശേഷം ഉണ്ടായാൽ തീർച്ചയായും കേരളം മുഴുവൻ അതിഗുരുതരമായ പ്രശ്നത്തിലേയ്ക്ക് പോകും. ഇവർ വളരെ ഭീകരമായ രൂപത്തിൽ വർഗ്ഗീയമായ

ചേരിതിരിവുണ്ടാക്കാനുള്ള ശ്രമം നടത്തുമ്പോൾ മുസ്ലീം ലീഗിന്റെ പ്രവർത്തകൻമാർ അത് തടയുകയാണ്. അതിന്റെ പേരിലാണ് ഞങ്ങൾ ഇതൊക്കെ ഏറ്റുവാങ്ങേണ്ടി വരുന്നത്. അതുകൊണ്ട് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ വച്ചുകൊണ്ടുവേണം ഈ കേസ് അന്വേഷിക്കാൻ എന്നാണിവിടെ സൂചിപ്പിക്കുവാനുള്ളത്. ഇക്കാര്യം സഭ നിർത്തിവച്ച് വളരെ ഗൗരവത്തിൽ ചർച്ച ചെയ്യണമെന്ന് സൂചിപ്പിക്കുകയാണ്.

## നസീറുദ്ദീന്റെ കൊലപാതകം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. പ്രകടിപ്പിച്ച പൊതുവികാരത്തോട് യോജിപ്പാണുള്ളത്. നമ്മുടെ നാട്ടിൽ എസ്.ഡി.പി.ഐ. എന്താണെന്ന് എല്ലാവർക്കുമറിയാം. ആർക്കാണ് കൂടുതൽ അറിയാവുന്നതെന്നും ആരാണ് എസ്.ഡി.പി.ഐ.യെ ചെറിയ തോതിൽ പ്രോത്സാഹിപ്പിച്ചതെന്നുമുള്ള കാര്യത്തിലേയ്ക്കൊന്നും ഞാനിപ്പോൾ പോകുന്നില്ല. പക്ഷേ, ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ. പ്രകടിപ്പിച്ചതുപോലെ ഇത്തരം ശക്തികൾ നമ്മുടെ നാടിന് പൊതുവായ ആപത്താണെന്ന് നമ്മളെല്ലാവരും തിരിച്ചറിയണം. അവരുമായി ഒരുതരത്തിലുമുള്ള ലാഘവത്വവും ഉണ്ടാകാൻ പാടില്ല. ഇവിടെ അദ്ദേഹം പ്രകടിപ്പിച്ച അഭിപ്രായങ്ങളനുസരിച്ച് ഈ സംഭവം നടന്നയുടനെ

ആളുകൾ ഓടി വരുന്നുണ്ട്. പേരുമാത്രമേ അങ്ങേയ്ക്ക് പറയുവാൻ സാധിക്കൂ എന്നെനിക്കറിയാം. കാരണം ആ ഓടി വന്നവർക്കും രാഷ്ട്രീയം കാണും. അവർ ഏത് രാഷ്ട്രീയക്കാരായിരുന്നു എന്ന് അങ്ങയുടെ രാഷ്ട്രീയംവച്ച് ഇപ്പോഴിവിടെ പറയാതിരുന്നതായിരിക്കും എന്നാണ് ഞാൻ കണക്കാക്കുന്നത്. എനിക്ക് അവരുടെ രാഷ്ട്രീയം പറയേണ്ട ബാധ്യതയില്ലാത്തതുകൊണ്ട് ഇപ്പോൾ പറയുന്നില്ല.

<u>ശ്രീ. പാറക്കൽ അബ്ദുള്ള</u>: സർ, അവിടെ വന്നവരിൽ ഇടതുപക്ഷത്തിലെ ആളുകളും ഉണ്ടായിരുന്നു.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, ഇവിടെ ഒരു പാർട്ടിയെയും സംബന്ധിച്ച് പറഞ്ഞിട്ടില്ല.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ശരി ശരി. ഞാൻ പറഞ്ഞതിന് പ്രത്യേക കാരണമുണ്ട്. ശ്രീ. കെ. എം. ഷാജി അവിടെയിരുന്നിട്ട് പറയേണ്ട. ഞാൻ പറഞ്ഞത് എന്തുകൊണ്ടാണെന്ന് അദ്ദേഹത്തിനറിയാം. അദ്ദേഹത്തിന്റെ ആ സംഭാഷണത്തിൽ ഒരു കാര്യം സമ്മതിക്കേണ്ടിവന്നിരുന്നു. അദ്ദേഹം തന്നെ വിളിച്ചുകൂട്ടിയ ഒരു സംഭാഷണമൊക്കെ നടന്നല്ലോ. ആ കാര്യത്തിൽതന്നെ ഒരുകാര്യം സമ്മതിക്കേണ്ടി വന്നുവെന്ന് കേട്ടിട്ടുണ്ട്. അതിന്റെ ഭാഗം വച്ചുകൊണ്ടുതന്നെയാണ് ഞാൻ പറഞ്ഞത്. അത് അദ്ദേഹത്തിനറിയാം. അതുകൊണ്ടാണ് ഞാൻ പ്രത്യേകിച്ച് ആരാണെന്ന്

പറയാതിരുന്നത്. ഇത്തരം കാര്യങ്ങളിൽ സർക്കാരിനെ സംബന്ധിച്ചിടത്തോളം തുറന്ന സമീപനം മാത്രമേയുള്ളൂ. ആസൂത്രിതമായാണ് ഈ കൊലപാതകം നടത്തിയതെന്ന് അദ്ദേഹം പറയുകയുണ്ടായി. ആസൂത്രിതമാണോയെന്ന് അന്വേഷിക്കേണ്ടതായിട്ടുണ്ട്. കൊല നടത്താൻ പരിശീലനം നേടുന്ന ചില സംഘങ്ങൾ നമ്മുടെ നാട്ടിലുണ്ട്. അതിലൊന്നാണ് എസ്.ഡി.പി.ഐ. എങ്ങനെ രാഷ്ട്രീയ പ്രവർത്തനം നടത്തണമെന്നുള്ള കാര്യത്തിലല്ല അവർ പരിശീലനം നേടുന്നത്. ഇത്തരത്തിലുള്ള ആക്രമണങ്ങൾ എങ്ങനെ നടത്താമെന്നും ആളുകളെ എങ്ങനെ എളുപ്പത്തിൽ കൊല്ലാൻ സാധിക്കുമെന്നുമുള്ള കാര്യങ്ങളാണ് പരിശീലിക്കുന്നത്. അതിന്റെ പ്രത്യക്ഷത്തിലുള്ള രൂപമാണിവിടെ ഉണ്ടായിരിക്കുന്നത്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ചവരുണ്ടോയെന്നും ആസൂത്രണമുണ്ടോയെന്നും അദ്ദേഹം സംശയിച്ചിട്ടുണ്ട്. അത്തരം കാര്യങ്ങൾ ഗൗരവമായിത്തന്നെ പരിശോധിക്കാവുന്നതാണ്. ഈ കാര്യത്തിൽ ഒരു സ്പെഷ്യൽ ടീം തന്നെ അന്വേഷിക്കേണ്ടതായിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അക്കാര്യവും പരിശോധിക്കാവുന്നതാണ്. ഈ പറയുന്ന ആളുകളെ കണ്ടെത്തുന്നതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ചയുണ്ടാകുന്നുവെങ്കിൽ സ്പെഷ്യൽ ടീമിനെ തന്നെ നമുക്ക് ഏർപ്പാട് ചെയ്യാൻ സാധിക്കും. ഉത്തരവാദപ്പെട്ട അവിടെനിന്നുള്ള അംഗമെന്നുള്ള നിലയ്ക്ക്

അദ്ദേഹം ഒരുകാര്യംകൂടി പറയുകയുണ്ടായി. ഇവരെ പോലീസ് സ്റ്റേഷനിൽ സൽക്കരിക്കുന്ന നിലയാണ് സ്വീകരിച്ചതെന്ന് അദ്ദേഹം പറഞ്ഞു. അങ്ങനെയുണ്ടെങ്കിൽ തീർച്ചയായും ഗൗരവമായി അന്വേഷിക്കും. കാരണം എസ്.ഡി.പി.ഐ.ക്കാർക്ക് സൽക്കാരം ഒരുക്കേണ്ട പോലീസ് സ്റ്റേഷന്റെ കാലം കഴിഞ്ഞു. അങ്ങനെയൊരവസ്ഥ ഇവിടെയുണ്ടായിരുന്നു. അതിന്റേതായ തുടർച്ച ഏതെങ്കിലും കാരണവശാൽ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ ഉണ്ടായിട്ടുണ്ടെങ്കിൽ നിശ്ചയമായും അതിനെതിരെ നടപടിയുണ്ടാകും. ഒരു സംശയവും വേണ്ട. ഇത്തരം ശക്തികളോടൊന്നും ഒരു വിട്ടുവീഴ്ചയും ചെയ്യുന്ന സമീപനം ഈ സർക്കാരിനില്ല എന്നതാണ് വ്യക്തമാക്കാനുള്ളത്. അതുകൊണ്ട് ഈ കാര്യം ഗൗരവമായിത്തന്നെ സർക്കാർ എടുക്കും. ഗൗരവമായി പരിശോധിക്കും. കൂടുതൽ കാര്യങ്ങളിൽ ഇടപെടേണ്ടതുണ്ടെങ്കിൽ അക്കാര്യങ്ങളിൽ ഇടപെട്ടുകൊണ്ട് പരിശോധിക്കാനുള്ള സംവിധാനങ്ങളും ഒരുക്കും. ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല എന്നാണ് എനിക്ക് പറയുവാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

**<u>നസീറുദ്ദീന്റെ കൊലപാതകം</u>**

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>) : സർ, കുറ്റ്യാടി വേളത്ത് പുത്തലത്ത് നസീറുദ്ദീന്റെ കൊലപാതകം അത്യന്തം പൈശാചികവും ക്രൂരവുമായ ഒന്നായിരുന്നു. ഏതെങ്കിലുമൊരു സംഘർഷം നടക്കുന്നതിനിടയിൽ ഒരു കൊലപാതകം നടന്നാൽ നമുക്കത് മനസ്സിലാകും. യാതൊരു സംഘർഷവുമില്ലാതെ വളരെ ആസൂത്രിതമായ നിലയിൽ കൊല്ലുണമെന്നുള്ള ലക്ഷ്യത്തോടുകൂടിയാണ് ഈ സംഭവം മുഴുവൻ പ്ലാൻ ചെയ്തതെന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. ആർ.എസ്.എസ്സും എസ്.ഡി.പി.ഐ.-യും കേരളത്തിൽ വ്യാപകമായ അക്രമങ്ങൾക്ക് നേതൃത്വം കൊടുത്തുകൊണ്ടിരിക്കുകയാണെന്നതാണ് യാഥാർത്ഥ്യം. ആർ.എസ്.എസ്സും എസ്.ഡി.പി.ഐ-യും ഒരു നാണയത്തിന്റെ രണ്ട് വശങ്ങളാണ്. രണ്ട് സംഘടനകളും തീവ്രവാദ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നുവെന്നുള്ളത് എല്ലാപേർക്കും ബോധ്യമുള്ള കാര്യമാണ്. ഇത്തരം തീവ്രവാദ പ്രസ്ഥാനങ്ങളെ ഒറ്റക്കെട്ടായി കേരള സമൂഹം എതിർക്കണമെന്നുള്ള ആവശ്യകതയാണ് ഇതിലൂടെ ചൂണ്ടിക്കാണിക്കുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞതിൽനിന്നും ഒരു കാര്യം വ്യക്തമാണ്. അദ്ദേഹത്തിന്റെ മറുപടിയിൽനിന്നും എസ്.ഡി.പി.ഐ.-യോട് അദ്ദേഹത്തിനുള്ള മൃദുസമീപനം വളരെ വ്യക്തമാണ്.

ഇതിനുമുമ്പും അവരുടെ ഭാഗത്തുനിന്നും ഇത്തരം സംഭവങ്ങളുണ്ടായിട്ടുണ്ട്. മുമ്പ് എസ്.ഡി.പി.ഐ.-ക്കാരുടെ വാഹനങ്ങളും വീടുകളും എറിഞ്ഞിട്ടുണ്ട്. ഈ സംഭവങ്ങളൊക്കെ അദ്ദേഹം വിശദീകരിക്കുന്നതിന്റെ യുക്തി എല്ലാപേർക്കും മനസ്സിലാകും. അദ്ദേഹമിവിടെ പറഞ്ഞത് എസ്.ഡി.പി.ഐ.-ക്കാർക്ക് ബിരിയാണി വിളമ്പുന്ന സംഭവം അവസാനിച്ചുവെന്നാണ്. മി. പിണറായി വിജയൻ ഇപ്പോൾ അതിവിടെ ആരംഭിച്ചിരിക്കുകയാണെന്നുള്ളതാണ് യാഥാർത്ഥ്യം. ഇതിനുമുമ്പു കേരളത്തിലെ ഏതെങ്കിലും ഒരു സ്ഥലത്ത് എസ്.ഡി.പി.ഐ.-ക്കാർക്ക് ബിരിയാണി വിളമ്പിയ ഏതെങ്കിലും ഒരു സംഭവം ചൂണ്ടിക്കാണിക്കുവാൻ നിങ്ങൾക്ക് കഴിയുമോ? വടകരയിലും കുറ്റ്യാടിയിലും കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എസ്.ഡി.പി.ഐ. പോലുള്ള തീവ്രവാദ സംഘടനകളുടെ സഹായവാഗ്ദാനം വാങ്ങിയത് ആരാണെന്ന് എല്ലാപേർക്കുമറിയാം. കേരളത്തിൽ അങ്ങോളമിങ്ങോളം എസ്.ഡി.പി.ഐ. പോലുള്ള തീവ്രവാദ സംഘടനകളുടെ സഹായം ആർക്ക് ലഭിച്ചു? കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. അതുകൊണ്ട് ഇത്തരം തീവ്രവാദ പ്രവർത്തനങ്ങളെയും അക്രമപ്രവർത്തനങ്ങളെയും തടയുന്ന കാര്യത്തിൽ ഇവിടെ.. (ബഹളം)

<u>മി. സ്പീക്കർ</u> : അങ്ങ് ശ്രീ. സി. കെ .നാണുവിന് വഴങ്ങുന്നുണ്ടോ

ശ്രീ രമേശ് ചെന്നിത്തല : സർ, ഞാൻ വഴങ്ങുന്നില്ല. തീവ്രവാദത്തിനെതിരായി ശക്തമായ നിലപാട് സ്വീകരിക്കുന്ന പ്രസ്ഥാനമാണ് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് എന്ന വസ്തുത എല്ലാപേർക്കും ബോധ്യമുള്ള കാര്യമാണ്. അതിന് മുസ്ലീം ലീഗിന് വലിയ വില കൊടുക്കേണ്ടതായി വന്നിട്ടുണ്ട്. തീവ്രവാദത്തിനെതിരായി മുസ്ലീം ലീഗ് സ്വീകരിക്കുന്ന സമീപനത്തിന്റെ അവസാനത്തെ രക്തസാക്ഷിയാണ് കൊല്ലപ്പെട്ട ഈ ചെറുപ്പക്കാരനെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ നാട്ടിൽ തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കാനും അതുവഴി രാഷ്ട്രീയനേട്ടമുണ്ടാക്കാനും ശ്രമിക്കുന്ന ദുഷ്ടശക്തികൾക്കെതിരെ ഒറ്റക്കെട്ടായി ഒരുമിച്ച് മുന്നോട്ട് പോകേണ്ട സന്ദർഭമാണിവിടെ സംജാതമായിരിക്കുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ ഒരു കൊലപാതകമുണ്ടായതിൽ പ്രകോപിതരായ നാട്ടുകാർ ഒരു വീടിന് കല്ലേറിയുകയും ആ കല്ലെറിഞ്ഞ ലീഗ് പ്രവർത്തകരെ പോലീസ് പിടിച്ച് സ്റ്റേഷനിൽ കൊണ്ടുപോയി അതിക്രൂരമായാണ് മർദ്ദിച്ചത്. അതിനെപ്പറ്റി അന്വേഷിക്കണ്ടേ? പോലീസുദ്യോഗസ്ഥർ ലീഗിന്റെ പ്രവർത്തകന്മാരെ ബോധപൂർവ്വം വളരെ ഭീകരമായി മർദ്ദിക്കുകയും അസഭ്യവർഷങ്ങൾകൊണ്ട് ചൊരിയുകയുമാണുണ്ടായത്. അതേസമയം കുറ്റക്കാരായ എസ്.ഡി.പി.ഐ.-ക്കാർക്ക് പോലീസ് സ്റ്റേഷനിൽ ലഭിച്ചത് വലിയ പരിഗണനയായിരുന്നു. അതുമാത്രമല്ല ഇന്നലെ വൈകുന്നേരം വടകരയിൽ

ലീഗുകാരുടെ പ്രതിഷേധ പ്രകടനമുണ്ടായിരുന്നു. സ്വാഭാവികമായും കുറ്റ്യാടിയിൽ ഒരു സംഭവമുണ്ടായാൽ സമീപപ്രദേശങ്ങളിൽ പ്രതിഷേധങ്ങളും ജാഥയുമുണ്ടാകും. വടകരയിൽ കോട്ടപ്പള്ളിയിൽ ലീഗ് പ്രവർത്തകരെ മർദ്ദിക്കുകയും ലീഗുകാരുടെ കടകൾ അടിച്ചുതകർക്കുകയും ചെയ്തത് ആരാണ്? അത് ചെയ്തത് സി.പി.ഐ. (എം) ന്റെ പ്രാദേശിക പ്രവർത്തകന്മാരാണ്. അവർക്കെതിരെ ഒരു നടപടിയുമുണ്ടായില്ല. കൂടാതെ ഈ സംഭവങ്ങൾക്കുശേഷവും കുറ്റ്യാടി, വടകര, നാദാപുരം മേഖലകളിൽ ലീഗിന്റെ പ്രവർത്തകന്മാർക്കെതിരെ വ്യാപകമായ അക്രമ പ്രവർത്തനങ്ങളാണ് സി.പി.ഐ. (എം) ന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ളത്. ഇത്തരം അക്രമപ്രവർത്തനങ്ങളെ ശക്തമായി നേരിടുമെന്ന് അറിയിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. പോലീസ് നിഷ്ക്രിയമായി നോക്കിനിൽക്കുന്നു. ബഹുമാന്യനായ മെമ്പർ ശ്രീ. പാറക്കൽ അബ്ദുള്ളയും ചൂണ്ടിക്കാണിച്ചത് പോലീസിന്റെ ഭാഗത്തുനിന്നും ഒരു നടപടിയും ഉണ്ടാകുന്നില്ലെന്നാണ്. പോലീസ് ഈ സംഭവങ്ങളുണ്ടായപ്പോഴെല്ലാം നിഷ്ക്രിയമായി നോക്കിനിൽക്കുകയായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് അൻപത് ദിവസമാണ് ആയിട്ടുള്ളത്. ഇതിനിടയിൽ നാൽപ്പത് കൊലപാതകങ്ങളും നാൽപ്പത്തിയെട്ട് കൊലപാതക ശ്രമങ്ങളും സ്ത്രീകൾക്കെതിരെ

440 അക്രമങ്ങളുമാണ് നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുള്ളത്. സംസ്ഥാനത്തുടനീളം അക്രങ്ങളും സംഘർഷങ്ങളും വർദ്ധിച്ചുവരുന്നു. ഇതിനെ തടയാൻ കഴിയാത്തത് പോലീസിന്റെ നിഷ്ക്രിയമായ നിലപാട് മൂലമാണ്. ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അക്രങ്ങൾ പൊട്ടിപ്പുറപ്പെടുകയും അതിനെ പോലീസ് കയ്യുംകെട്ടി നോക്കിനിൽക്കുകയുമാണ്. ശക്തമായി അക്രങ്ങളെ അമർച്ച ചെയ്യാൻ പോലീസിനും ഗവൺമെന്റിനും ഇച്ഛാശക്തിയില്ലെന്നുള്ളതാണ് ഈ സംഭവങ്ങൾ തെളിയിക്കുന്നത്. ഇവിടെ ഗൂഢാലോചന നടത്തിയത് രണ്ട് പ്രതികൾ മാത്രമല്ല ഇതിന്റെ പിന്നിൽ ആരെല്ലാമുണ്ടെന്ന് കണ്ടുപിടിക്കണം. അതുകൊണ്ടാണ് ബഹുമാന്യനായ മെമ്പർ ശ്രീ. പാറക്കൽ അബ്ദുള്ള പറഞ്ഞത് ഇതിന് പിന്നിലെ ഗൂഢാലോചന പുറത്തുകൊണ്ടുവരികയും ശരിയായ അന്വേഷണം നടത്തുകയും വേണമെന്ന്. ഈ കേസ് ലോക്കൽ പോലീസിന്റെ അന്വേഷണത്തിൽനിന്നും മാറ്റി ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയമിച്ച് ശക്തമായ അന്വേഷണം നടത്തി ഇതിന് പിന്നിലുള്ള മുഴുവൻ കുറ്റവാളികളെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പോലീസിനെ ന്യായീകരിക്കുവാനും അക്രമികളെ പൂർണ്ണമായി സംരക്ഷിക്കാനുമുള്ള നിലപാട് സർക്കാർ ഉപേക്ഷിക്കണം.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

## നസീറുദ്ദീന്റെ കൊലപാതകം

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, നാദാപുരം, കുറ്റ്യാടി, വടകര മേഖലകളിലുള്ള കാര്യങ്ങൾ നമുക്ക് കുറച്ചുകാലമായി അറിയാവുന്നതാണ്. മുമ്പ് ഒരുപാട് രാഷ്ട്രീയ സംഘർഷങ്ങൾ അവിടെ നടന്നിട്ടുണ്ട് ഇപ്പോഴും രാഷ്ട്രീയ കൊലപാതകങ്ങൾ ഉൾപ്പടെയുള്ള പല സംഭവങ്ങളും അവിടെ നടക്കുന്നുണ്ട്. സമാധാന സമ്മേളനങ്ങളും മറ്റ് കാര്യങ്ങളും നടക്കാറുണ്ട്. പക്ഷേ വർഗ്ഗീയത പോലുള്ള ജാതീയമായ ചേരിതിരിവും ആ നിലയ്ക്കുള്ള സംഭവ വികാസങ്ങളും ആ മേഖലയിൽ അധികം ഉണ്ടാകാറില്ല. പക്ഷേ കുറച്ചുകാലമായി ഇതുപോലുള്ള തീവ്രവാദ പാർട്ടികൾ കേരളത്തിൽ പ്രവർത്തിക്കാൻ തുടങ്ങിയതിനുശേഷം സമാധാനമുണ്ടാക്കാൻ വേണ്ടി രാഷ്ട്രീയ പാർട്ടികൾ ശ്രമിക്കുമ്പോൾ അതിനകത്ത് കയറി സമാധാനം ഇല്ലാതാക്കാൻ ശ്രമിക്കുന്ന ഒരു ഫോഴ്സ് അവിടെയുണ്ട്. അതിനെ

ഞങ്ങൾ വളരെ ശക്തമായി എതിർത്തുവരികയാണ്. കഴിഞ്ഞകാലങ്ങളിൽ ആ മേഖലകളിലുണ്ടായ രാഷ്ട്രീയ സംഭവങ്ങൾ ഒരു വസ്തുതയാണ്. ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ശ്രീ ഇ. കെ. നായനാർ മുഖ്യമന്ത്രി ആയിരുന്ന സമയത്ത് രാഷ്ട്രീയ സംഘട്ടനത്തിൽപ്പെട്ട് ഒൻപത് ആളുകൾ മരിക്കാനിടയായ സംഭവത്തെത്തുടർന്ന് അവിടത്തെ കമ്മ്യൂണിറ്റി ഹാളിൽ സമാധാന സമ്മേളനംചേർന്ന് പൊളിറ്റിക്കൽ പാർട്ടികളെല്ലാംകൂടി പൊതുവെ ഒരു നിലപാടെടുത്ത് സമാധാനത്തിനുവേണ്ടി കാമ്പയിൻ ചെയ്ത സ്ഥലമാണ് നാദാപുരമെന്ന് എല്ലാ രാഷ്ട്രീയ പാർട്ടികൾക്കുമറിയാം. അപ്പോൾ ഇതിനെയൊന്നും അംഗീകരിക്കാതെ, പ്രത്യേകിച്ച് മുസ്ലീം ലീഗിനോട് തീവ്രവാദ സംഘടനകൾ നിങ്ങളുടെ സമാധാനശ്രമങ്ങൾ ശരിയല്ലായെന്ന് നിലപാടെടുത്ത ഒരു ഫോഴ്സ് അവിടെ ഉണ്ട്. അങ്ങനെയാണ് എസ്.ഡി.പി.ഐ-പോലുള്ള പാർട്ടികളും സംഘടനകളും പല ഘട്ടങ്ങളിൽ അവിടെ ഉണ്ടായിട്ടുള്ളത്. ഇപ്പോൾ ഐ.എസി-നെപ്പറ്റി പറഞ്ഞു. ഐ.എസ്സ്.എസ്സ് എന്ന ഭീകര സംഘടന ഇവിടെ ഉണ്ടായപ്പോൾ ഞങ്ങൾ വളരെ ശക്തമായി അതിനെ എതിർത്തിട്ടുണ്ട്. ഞാൻ രാഷ്ട്രീയമായി പറയുന്നതല്ല, അപ്പോഴെല്ലാം അതിനെ സാരമില്ലെന്ന് കണ്ട് തൽക്കാലം രാഷ്ട്രീയ നേട്ടത്തിനായി ഇതിനെയെല്ലാം പരിപോഷിപ്പിച്ച സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. ഞാൻ അഭിമാനത്തോടുകൂടി പറയട്ടെ ഒരുഘട്ടത്തിലും

ഞങ്ങൾ തീവ്രവാദ സംഘടനകളോടൊ അവരുടെ നിലപാടുകളോടോ യോജിച്ചിട്ടില്ല. മതവിശ്വാസം ഒരു വസ്തുതയാണ്. എല്ലാ വിഭാഗങ്ങളിലും മത വിശ്വാസമുണ്ട്. മതങ്ങളിൽ തന്നെ നല്ല കാര്യങ്ങളുണ്ട്. മതവിശ്വാസം വർഗ്ഗീയതയല്ല, വിഭാഗീയതയല്ല. ഞങ്ങളുടെ പാർട്ടി മത വിശ്വാസത്തിൽ അടിയുറച്ചുനിന്നുകൊണ്ടുതന്നെ ഇവിടെ ലിറ്ററസിയും വികസന പ്രവർത്തനങ്ങളും നടപ്പാക്കുന്നതിനും ആളുകളെ സമുദ്ധരിക്കുന്നതിനുമുള്ള നടപടികൾ നടത്തി അതിൽ വിജയിച്ചുവരികയുമാണ്. അങ്ങനെ ഈ കേരളത്തെ മുന്നോട്ട് കൊണ്ടുപോകുന്ന ഓരോ ഘട്ടത്തിലും ഇവിടെ വഴിതെറ്റിക്കാൻ വേണ്ടി ശ്രമിക്കുന്ന ഒരു പൊളിട്ടിക്കൽ ഫോഴ്സായി ഉയർന്ന് വന്നവരാണ് എസ്.ഡി.പി.ഐ-ക്കാർ. ഇതിന്റെ വകഭേദങ്ങൾ കഴിഞ്ഞ കാലങ്ങളിലും ഉണ്ടായിരുന്നു. ആ സന്ദർഭങ്ങളിലെല്ലാം പൊളിട്ടിക്കലായി ചെറിയ ചെറിയ സഹായങ്ങൾ ചെയ്തുകൊടുത്തത് തെറ്റായിപ്പോയി എന്നത് നമ്മൾ സ്വയം വിമർശനം നടത്തേണ്ട കാര്യമാണ്. അക്രമത്തിലും കൊലപാതകത്തിലും വിശ്വസിക്കുന്ന അങ്ങനെയുള്ള ഫോഴ്സുകൾ അതിക്രൂരമായി പെരുമാറുന്നവരാണ്. കൊല്ലപ്പെട്ട ഈ ചെറുപ്പക്കാരൻ സി.എ.യ്ക്ക് പഠിക്കുന്ന ഗ്രാഡ്വേറ്റ് ആയിട്ടുള്ള ഒരു ചെറുപ്പക്കാരനാണ്. റിലീജിയസായതിനാൽ പ്രാർത്ഥന കഴിഞ്ഞ് ഇറങ്ങിയ സമയത്താണ് കൊലചെയ്യപ്പെട്ടത്. അതൊന്നും disqualification അല്ല. പക്ഷേ

തീവ്രവാദത്തിലേയ്ക്ക് പോയില്ല. തീവ്രവാദത്തെക്കുറിച്ച് സംസ്ഥാനതലത്തിലും ദേശീയതലത്തിലും അന്തർദ്ദേശീയതലത്തിലുമൊക്കെ ചർച്ച നടത്തുമ്പോൾ ഇവിടെ അവരുടെ വേരറുക്കണമെന്നുണ്ടെങ്കിൽ തീവ്രവാദ സമീപനമെടുക്കുന്ന രാഷ്ട്രീയ പാർട്ടികളോട് ഉറച്ച നിലപാടെടുക്കണം. ഉറച്ച നിലപാടെടുക്കുന്ന കാര്യത്തിൽ നമ്മൾ വിജയിച്ചിട്ടുണ്ടോ എന്നുള്ളത് ചിന്തിക്കണം. ചരിത്രം നോക്കുകയാണെങ്കിൽ രാഷ്ട്രീയമായി ഞങ്ങൾക്കൊക്കെ വലിയ കോട്ടം സംഭവിച്ച സന്ദർഭത്തിൽപോലും നമ്മൾ ഇതിനോട് കോംപ്രമൈസ് ചെയ്തിട്ടില്ല. പ്രാദേശികമായി പലതും നടന്ന സന്ദർഭത്തിലും കോംപ്രമൈസ് ചെയ്തിട്ടില്ല. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിലും അതുതന്നെയാണ് സംഭവിച്ചത്. വലിയ നിലയിൽ വന്നവരുടെയൊക്കെ ശത്രുത നേരിട്ടുകൊണ്ടുതന്നെയാണ് ഞങ്ങളെല്ലാം പോയിട്ടുള്ളത്. അതാണ് വടകര മേഖലയിലും താലൂക്കുകളിലുമൊക്കെയുള്ളത്. ഇത് അവിടെമാത്രം ഒറ്റപ്പെട്ട് നിൽക്കുന്ന സംഭവമൊന്നുമല്ല. ശ്രീ. പാറക്കൽ അബ്ദുള്ള പറഞ്ഞ ഒരു കാര്യം ശരിയാണ്. ഈ നെക്സസ് എന്നുപറഞ്ഞത് ബഹുമാന്യനായ മുഖ്യമന്ത്രി വളരെ ഗൗരവമായി പരിശോധിക്കണം. അത് കുറ്റവാളികളും പോലീസും തമ്മിൽ വരുന്ന ഒരു നെക്സസാണ്. ഇവിടെ ബിരിയാണി കൊടുത്തു എന്നുപറഞ്ഞത് സർവ്വകക്ഷിയോഗത്തിൽ വന്നതാണ്. ശ്രീ. പാറക്കൽ അബ്ദുള്ള വെറുതെ

പറഞ്ഞതല്ല. എന്താണ് പോലീസ് ഇങ്ങനെ പെരുമാറുന്നത്; അവരെ സ്വീകരിച്ചിരുത്താൻ പാടുണ്ടോ.; അതുപോലെ ഇവർക്ക് എല്ലാ സപ്പോർട്ടും ചെയ്തുകൊടുക്കാൻ പാടുണ്ടോ ? പോലീസിനെ ഞാൻ പൊളിറ്റിക്കലായി കുറ്റപ്പെടുത്തുന്നില്ല. സർവ്വകക്ഷി യോഗത്തിൽ ഈ ആരോപണം വന്നിട്ടുണ്ട്. പലതരത്തിലുമുള്ള കുറ്റവാളികളെയും പ്രോത്സാഹിപ്പിക്കുന്നൊരു നിലപാട് പല സ്ഥലത്തും കേൾക്കുന്നുമുണ്ട്. പേടിച്ചിട്ടാണോ പോലീസ് ഇത് ചെയ്യുന്നതെന്ന് അറിയില്ല. ഏതായാലും ഇങ്ങനെയൊരു സംഭവമുണ്ട്. അത് വളരെ ഗൗരവത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എടുക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഇക്കാര്യത്തിലുണ്ടായ വീഴ്ച ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. കെ. എം.മാണി : സർ, പള്ളിയിലെ പ്രാർത്ഥന കഴിഞ്ഞ് പോകുന്ന ആളിനെയാണ് ബൈക്കിൽ വന്ന സംഘം ആക്രമിച്ചത്. പള്ളിയിൽ പ്രാർത്ഥിക്കുന്ന ആളുകൾക്കുപോലും സുരക്ഷിതത്വമില്ലാത്ത ഒരവസ്ഥയിലേക്ക് നമ്മുടെ നാട് വഴുതിപ്പോകുന്നുവെന്നുള്ളത് വളരെ ദുഃഖകരവും ഉത്കണ്ഠാജനകവുമായിട്ടുള്ള ഒരു

കാര്യമാണ്. ഇക്കാര്യത്തിൽ ശക്തമായ നടപടികളെടുക്കേണ്ടതായിട്ടുണ്ട്. ഇവിടെ ബിരിയാണി കൊടുക്കുന്ന കാലം കഴിഞ്ഞുപോയി എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അത് ശരിയാണ്. ഇപ്പോൾ പൊറോട്ടയും ചില്ലിചിക്കനുമാണ് കൊടുക്കുന്നത് എന്ന വ്യത്യാസമേയുള്ളൂ. അക്രമികളെ സംബന്ധിച്ചിടത്തോളം അവരെ പോലീസ് സ്റ്റേഷൻ സംരക്ഷിക്കുന്നു. പോലീസും അക്രമികളും തമ്മിലുള്ള ഒത്തുകളിയും ഗൂഢാലോചനയുമൊക്കെ ഇപ്പോൾ നടക്കുന്നുണ്ട് എന്നുള്ളത് സുവ്യക്തമായ ഒരു കാര്യമാണ്. ഏതായാലും ഭീകരസംഘടനകൾ നമ്മുടെ നാട്ടിൽ വളർന്നുവരുന്നു. മലയാളി യുവാക്കളെ ഐ.എസ്.-ലേക്കുംമറ്റും റിക്രൂട്ട്ചെയ്ത് കൊണ്ടുപോകുന്നു. കേരളം ഒരു റിക്രൂട്ട്മെന്റ് ഏരിയയായി മാറുന്നു എന്നുള്ള റിപ്പോർട്ടുകളൊക്കെ ഭയാനകമായിട്ടുള്ള കാര്യമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റ് ജാഗ്രത പുലർത്തണം. ഇങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അന്വേഷണം നടത്തി ഭീകരസംഘടനകൾ എവിടെയെങ്കിലും പ്രവർത്തനം നടത്തുന്നുണ്ടെങ്കിൽ അത് അമർച്ച ചെയ്യാൻ ഗവൺമെന്റ് മുന്നോട്ടുവരണം. പ്രത്യേകിച്ച് എസ്.ഡി.പി.ഐ.-യെപ്പോലുള്ള ആളുകൾ. തൊടുപുഴ കോളേജിലെ അദ്ധ്യാപകന്റെ കൈവെട്ടിയ ചരിത്രമൊക്കെ നമുക്കറിയാം. അതുകൊണ്ട് ഇങ്ങനെയുള്ള സംഘടനകളെ അമർച്ച ചെയ്യുന്ന

കാര്യത്തിൽ ഗവൺമെന്റ് കാണിക്കുന്ന ഉദാസീനത വളരെ പ്രതിഷേധാർഹമായ കാര്യമാണ്. ഇതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, നസറുദീന്റെ കൊലപാതകം ആസൂത്രിതമാണെന്നത് വളരെ വ്യക്തമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗവൺമെന്റിന്റെ വേർഷൻ പറയുകയും ബഹുമാനപ്പെട്ട എം.എൽ.എ. അദ്ദേഹം നേരിട്ട് മനസ്സിലാക്കിയ അനുഭവങ്ങൾ സഭയോട് പങ്കുവയ്ക്കുകയും ചെയ്തു. അതിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത് ഇത് വളരെ ആസൂത്രിതമാണെന്നാണ്. കാരണം കൊലപാതകത്തിന് തെരഞ്ഞെടുത്ത സമയവും സ്ഥലവുമെല്ലാം അതാണ് സൂചിപ്പിക്കുന്നത്. അല്ലാതെ പെട്ടെന്നുണ്ടായ ഒരു പ്രൊവോക്കേഷനല്ല എന്നാണ് ഇത് വിരൽചൂണ്ടുന്നത്. മാത്രവുമല്ല മുഖംമൂടിപോലും ധരിക്കാതെ വന്നുനിൽക്കുമ്പോൾ അത്തരക്കാർക്കുള്ള ഒരു മാനസികമായ ധൈര്യം അത് ക്രമസമാധാനത്തകർച്ചയാണ് കാണിക്കുന്നത്. എസ്.ഡി.പി.ഐ. എന്ന സംഘടനയ്ക്ക് അവിടെ ലഭിച്ചുവെന്ന് പറയുന്ന പ്രത്യേക പരിഗണനകൾ

ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ഗൗരവമായി ശ്രദ്ധിക്കേണ്ട കാര്യംതന്നെയാണ്. പോലീസും ക്രിമിനൽസും തമ്മിലുള്ള ആവശ്യമില്ലാത്ത ഇടപെടലുകൾ ഇപ്പോൾ മാത്രമല്ല പല കാലഘട്ടങ്ങളിലും നമുക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ വിഭാഗം പോലീസുകാരെയും നമുക്ക് അടച്ച് ആക്ഷേപിക്കാൻ കഴിയുകയില്ല. സത്യസന്ധരായ ഉദ്യോഗസ്ഥരുള്ള വലിയൊരു സേനയാണ് കേരളാപോലീസിനുള്ളത്. അതിനെ മോശമായി കാണാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. പക്ഷെ ചില സന്ദർഭങ്ങളിലെങ്കിലും ചില പോലീസുകാരും ക്രിമിനൽസും തമ്മിലുള്ള ബന്ധങ്ങൾ ഉണ്ടാകുന്നുണ്ട് എന്നത് വസ്തുതയാണ്. അത് ഒരിക്കലും നിഷേധിക്കാൻ കഴിയുന്ന ഒരു കാര്യമല്ല. അത്തരത്തിലുള്ള പോലീസുകാർക്കെതിരെ ശക്തമായ നടപടികളെടുക്കുവാൻ കഴിയണം. അവരെ സേനയിൽനിന്നും പുറത്താക്കുവാനുള്ള സാഹചര്യങ്ങളുമുണ്ടാകണം. അതുകൊണ്ട് ശക്തമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങളിൽ അദ്ദേഹം ആത്മാർത്ഥമായി ഉറച്ച് നിൽക്കുന്നുവെങ്കിൽ കുറ്റവാളികൾക്ക് ആവശ്യത്തിലധികമായ പരിഗണന ലഭിച്ചിട്ടുണ്ടെങ്കിൽ, അത്തരത്തിൽ പരിഗണന നൽകിയ പോലീസുകാർക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. മതേതരത്വം സംരക്ഷിക്കുവാൻ

എന്നും മുന്നിട്ട് നിന്നിട്ടുള്ള ഒരു  രാഷ്ട്രീയ പ്രസ്ഥാനം തന്നെയാണ് ഇവിടെയുള്ളത്. ഇതിന്റെ പശ്ചാത്തലത്തിൽ  നോക്കുമ്പോൾ  ഈയൊരു വിഷയത്തെ ലഘുവായി കാണാതെ,  അതിനെതിരെ ശക്തമായ  നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം.  ഈ വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് ചർച്ച ചെയ്യുവാൻ ഗവൺമെന്റ് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ ഈ വാക്കൗട്ടിൽ പങ്ക് ചേരുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി)